(എഫ്) എങ്കിൽ എവിടേക്ക് മാറ്റാനാണ് ശുപാർശ ചെയ്തത് ;

(ജി) അതനുസരിച്ച് പ്രസ്തുത ആഫീസ് മാറ്റി സ്ഥാപിച്ചുവോ ;

(എച്ച്) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഐ) പ്രസ്തുത ആഫീസ് ഉടനടി വയനാട് ജില്ലയിലേക്ക് മാറ്റി സ്ഥാപിക്കുമോ ?

ഉത്തരം

(എ) വയനാട് ജില്ലയ്ക്കായുള്ള റീസർവ്വേ അസി:ഡയറക്ടർ ആഫീസും പത്തനംതിട്ട ജില്ലയ്ക്കായുള്ള റേഞ്ച് അസി: ഡയറക്ടർ ആഫീസും പ്രസ്തുത ജില്ലകൾക്ക് പുറത്ത് പ്രവർത്തിക്കുന്നു.

(ബി) വയനാട്, പത്തനംതിട്ട ജില്ലാ രൂപീകരണത്തോടുകൂടി പല ആഫീസുകളും വയനാട്ടിലേക്കും പത്തനംതിട്ടയിലേക്കും മാറ്റിയെങ്കിലും കോഴിക്കോട് പ്രവർത്തിച്ചു കൊണ്ടിരുന്ന റീസർവ്വേ അസി:ഡയറക്ടർ ആഫീസും കോട്ടയത്ത് പ്രവർത്തിക്കുന്ന റേഞ്ച് അസി:ഡയറക്ടർ ആഫീസും മാറ്റുവാൻ സാധിച്ചിട്ടില്ല.

(സി) 1980 നവംബറിലാണ് വയനാട് ജില്ല രൂപീകൃതമായത്.

(ഡി) പ്രസ്തുത ജില്ലയെ സംബന്ധിക്കുന്ന സർവ്വേ അസി.ഡയറക്ടർ ആഫീസ് കോഴിക്കോടാണ് പ്രവർത്തിക്കുന്നത്.

(ഇ) ശുപാർശ ചെയ്തിട്ടുണ്ട്.

(എഫ്) വയനാട് ജില്ലാ കളക്ടറേറ്റിലേക്ക് മാറ്റുന്നതിനാണ് ശുപാർശ ചെയ്തത്.

(ജി) ഇല്ല.

(എച്ച്) ജില്ലാ കളക്ടറേറ്റിൽ സ്ഥലം ലഭ്യമാകാത്തത് കാരണം ആഫീസ് മാറ്റിയിട്ടില്ല.

(ഐ) വയനാട് ജില്ലാ ആസ്ഥാനത്ത് സ്ഥല സൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് കോഴിക്കോട് പ്രവർത്തിക്കുന്ന റീസർവ്വേ അസിസ്റ്റന്റ് ഡയറക്ടർ ആഫീസ് മാറ്റി സ്ഥാപിക്കുന്നതാണ്.

തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങൾക്കുമാത്രം ബാധകമായിട്ടുള്ള നിയമങ്ങൾ

22 (619) ശ്രീ. ഡി. സുഗതൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എൻ. ശക്തൻ :
ശ്രീ. പ്രയാർ ഗോപാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മുൻതിരുവിതാംകൂർ കൊച്ചി, മലബാർ പ്രദേശങ്ങൾക്കുമാത്രം ബാധകമായിട്ടുള്ള നിയമങ്ങൾ നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ അവ എത്രയെണ്ണം വീതമെന്നു പറയുമോ ;

(സി) ഈ നിയമങ്ങൾ ഏകീകരിക്കുവാൻ ഉദ്ദേശമുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികളെടുത്തു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവിതാംകൂർ പ്രദേശത്തുമാത്രം ബാധകമായിട്ടുള്ള മുപ്പത്തിനാലു നിയമങ്ങളും കൊച്ചി പ്രദേശത്ത് മാത്രം ബാധകമായിട്ടുള്ള നാൽപ്പത്തിയെട്ട് നിയമങ്ങളും തിരുവിതാംകൂർ- കൊച്ചി പ്രദേശത്ത് മാത്രം ബാധകമായിട്ടുള്ള ഇരുപത്തിയഞ്ച് നിയമങ്ങളും മലബാർ പ്രദേശത്തുമാത്രം ബാധകമായിട്ടുള്ള എൺപത്തിയഞ്ചു നിയമങ്ങളും ഉണ്ട്.

(സി) ഇവയിൽ ചിലത് ഏകീകരിക്കുവാൻ ഉദ്ദേശമുണ്ട്.

(ഡി) ഉൾനാടൻ ഫിഷറീസ്, ജലസേചനം, സൊസൈറ്റീസ് രജിസ്ട്രേഷൻ, മെഡിക്കൽ പ്രാക്ടീഷനേഴ്സ്, പോർട്ട് ലാൻഡിംഗ് ആന്റ് ഷിപ്പിംഗ്, യാചക നിരോധനം, ഇൻലാന്റ് വെസ്സൽസ് എന്നീ വിഷയങ്ങളെ സംബന്ധിച്ച് തയ്യാറാക്കിയിട്ടുള്ള കരട് ബില്ലുകൾ ബന്ധപ്പെട്ട ഭരണവകുപ്പുകളുടെ പരിഗണനയിലാണ്. കൂടാതെ സംസ്ഥാനത്ത് നിലവിലിരിക്കുന്ന നിയമങ്ങളെ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് വേണ്ടി സർക്കാർ, 26-11-2001-ലെ ജി. ഒ. (ആർ‌റ്റി.) നമ്പർ 1054/2001/നിയമം എന്ന ഉത്തരവ് പ്രകാരം നിയമവകുപ്പ് മന്ത്രി ചെയർമാനായി ഒരു നിയമപരിഷ്ക്കരണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പരിശോധിച്ച് അവയിലെ അപ്രായോഗികതകൾ നീക്കം ചെയ്ത് ലളിതവും ഏകീകൃതവുമാക്കുക എന്നതും കമ്മിറ്റിയുടെ വിഷയനിർദ്ദേശങ്ങളിൽപ്പെടുന്നു. പ്രസ്തുത കമ്മിറ്റി 30-11-2002-ൽ മുഖ്യമന്ത്രിക്ക് സമർപ്പിച്ച അതിന്റെ ഒന്നാം റിപ്പോർട്ടിൽ നിലവിലുള്ള 697 നിയമങ്ങൾ (595 ഭേദഗതി നിയമങ്ങൾ ഉൾപ്പെടെ) നിയമ പുസ്തകത്തിൽ നിന്നും ഒഴിവാക്കപ്പെടേണ്ടതാണെന്ന് സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു. നിയമപരിഷ്ക്കരണ കമ്മിറ്റിയുടെ പ്രവർത്തനത്തിന്റെ രണ്ടാംഘട്ടമെന്ന നിലയിൽ തിരുവിതാംകൂർ, കൊച്ചി, തിരു-കൊച്ചി, മലബാർ എന്നീ പ്രദേശങ്ങളിൽ വെവ്വേറെ നിലനിന്നിരുന്ന ഏതാണ്ട് പത്തുവിഷയങ്ങളിൽ ഉൾപ്പെട്ട മുപ്പതോളം നിയമങ്ങളെ ഏകീകരിക്കുവാനുള്ള കരട് ബില്ലുകൾ കമ്മിറ്റി തയ്യാറാക്കി വരികയാണ്. ടൗൺപ്ലാനിംഗ് നിയമങ്ങൾ, ഫിഷറീസ്, കനാൽസ് ആന്റ് ഫെറീസ്, ഹെൽത്ത് ആന്റ് ഹൈജീൻസ്, ക്രിസ്റ്റ്യൻ മാര്യേജ്, സൊസൈറ്റീസ് രജിസ്ട്രേഷൻ, എപ്പിഡമിക് ഡിസീസസ്, യാചക നിരോധനം തുടങ്ങിയവയാണ് നിയമപരിഷ്ക്കരണ കമ്മിറ്റി ഏകീകരണത്തിനുദ്ദേശിക്കുന്ന വിഷയങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly